## പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 894 — 29.09.2016 -ൽ മറുപടിക്ക്

### ആലത്തൂരിലെ താലൂക്ക് ഓഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ആലത്തൂരിലെ താലൂക്ക് ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലെ സാങ്കേതിക തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഉണ്ട്. നിലവിൽ താലൂക്ക് ഓഫീസിന് മിനി സിവിൽ സ്റ്റേഷനിൽ അനുവദിച്ച സ്ഥലം അപര്യാപ്തമായ സാഹചര്യത്തിൽ ഓഫീസ് പ്രവർത്തനം സുഗമമാവില്ല എന്ന് കണ്ടതിനാൽ, സ്ഥലപരിമിതി സംബന്ധിച്ചും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ചും പൊതുമരാമത്ത് വകുപ്പുമായി കൂടിയാലോചിച്ച് ടി വിഷയത്തിൽ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുകയാണ്. |
| (ബി) | സാമ്പത്തിക-സാങ്കേതിക തടസ്സങ്ങൾ നീക്കി എത്ര മാസത്തിനകം താലൂക്ക് ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ